**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 നവംബർ 7

# വാർത്താക്കുറിപ്പ്

---

## ആതിഥ്യമരുളുന്നത് എം.ജി. സർവകലാശാല

## റിപ്പബ്ലിക് ദിന പരേഡ്; എൻ.എസ്.എസിൻറെ ദക്ഷിണേന്ത്യൻ സെലക്ഷൻ ക്യാമ്പ് ഒൻപതു മുതൽ

അടുത്ത വർഷത്തെ റിപ്പബ്ലിക് ദിന പരേഡിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് പങ്കെടുക്കുന്ന നാഷണൽ സർവീസ് സ്കീം വോളണ്ടിയർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള ക്യാമ്പിന് എം.ജി. സർവകലാശാല ആതിഥ്യമരുളും. നവംബർ ഒൻപതു മുതൽ 18 വരെ എറണാകുളം ജില്ലയിലെ പൂത്തോട്ട സ്വാമി ശാശ്വതീകാനന്ദ കോളജിലാണ് ക്യാമ്പ്.

കേരളം, തമിഴ്നാട്, കർണാടക, പോണ്ടിച്ചേരി, ആൻഡമാൻ നിക്കോബാർ എന്നിവിടങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട 210 എൻ.എസ്.എസ് വോളണ്ടിയർമാർ പങ്കെടുക്കും. ശാരീരിക ക്ഷമത, ആശയവിനിമയത്തിലും കലാ-സാഹിത്യമേഖലകളിലുമുള്ള മികവ് തുടങ്ങിയവ വിലയിരുത്തിയാണ് ക്യാമ്പിലേക്ക് വോളണ്ടിയർമാരെ തിരഞ്ഞെടുത്തത്. ഇതിൽ 40 പേരാണ് റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കാൻ യോഗ്യത നേടുകയെന്ന് എം.ജി. സർവകലാശാലാ എൻ.എസ്.എസ് കോ -ഓർഡിനേറ്റർ ഡോ. ഇ.എൻ. ശിവദാസൻ അറിയിച്ചു.

നവംബർ അഞ്ചിന് കോട്ടയം ബസേലിയോസ് കോളേജിൽ നടന്ന ക്യാമ്പിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട ആറു വിദ്യാർഥികൾ ദക്ഷിണേന്ത്യൻ ക്യാമ്പിൽ എം.ജി. സർവകലാശാലയെ പ്രതിനിധീകരിക്കും.

അഖിൽ രാജൻ(എൻ.എസ്.എസ്. ഹിന്ദു കോളജ് ചങ്ങനാശേരി), അഭിരാം ശങ്കർ(എൻ.എസ്.എസ് കോളജ് കോന്നി), അഫ്സൽ മിഥിലജ് എൻ.ടി (ഗവൺമെൻറ് കോളജ് കോട്ടയം) ഗൗരി എസ്.( നിർമല കോളേജ് മൂവാറ്റുപുഴ), അരുന്ധതി നമ്പ്യാർ(ഗവൺമെൻറ് ലോ കോളജ് എറണാകുളം), തെരേസ് മരിയ ബ്രൂസ് ലി(ബസേലിയോസ് കോളേജ് കോട്ടയം) എന്നിവരാണ് എം.ജി. സർവകലാശാലയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടത്.

നവംബർ ഒൻപതിന് ഉച്ചകഴിഞ്ഞ് മൂന്നിന് നടക്കുന്ന ചടങ്ങിൽ എം.ജി. സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. നാഷണൽ സർവീസ് സ്കീം റീജിയണൽ ഡയറക്ടർ ജി. ശ്രീധർ അധ്യക്ഷത വഹിക്കും. സർവകലാശാലാ സിൻഡിക്കേറ്റ് അംഗം റെജി സക്കറിയ മുഖ്യ പ്രഭാഷണം നടത്തും.

(പി.ആർ.ഒ./39/1585/2022)

## കാഷ് അവാർഡ്, സ്കോളർഷിപ്പ്, സാമ്പത്തിക സഹായം; അപേക്ഷ ക്ഷണിച്ചു

ഡൽഹിയിൽ 2020-2021, 2021-2022 അധ്യയന വർഷങ്ങളിലെ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്ത എൻ.എസ്.എസ് വോളണ്ടിയർമാർക്കും എൻ.സി.സി കേഡറ്റുകൾക്കുമുള്ള കാഷ് അവാർഡിന് ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡൻറ് സർവീസസ് (ഡി.എസ്.എസ്) അപേക്ഷ ക്ഷണിച്ചു.

2021- 2022ലെ മഹാത്മാ ഗാന്ധി സർവകശാലാ യൂത്ത് ഫെസ്റ്റിവൽ വിജയികൾക്കുള്ള കൾച്ചറൽ സ്കോളർഷിപ്പിനും ഭിന്നശേഷി വിഭാഗത്തിൽപെട്ട വിദ്യാർഥികൾക്കുള്ള മെഡിക്കൽ എയ്ഡ്, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികളായ വിദ്യാർഥികൾക്കുള്ള പ്രത്യേക സാമ്പത്തിക സഹായം എന്നിവയ്ക്കും ഡി.എസ്.എസിൽ അപേക്ഷിക്കാം.

അപേക്ഷാ ഫോറം സർവകലാശാലാ വെബ്സൈറ്റിലെ(www.mgu.ac.in) ഡൗൺലോഡ്സ് മെനുവിൽ അതർ ഫോംസ് എന്ന വിഭാഗത്തിൽനിന്ന് ഡൗൺലോഡ് ചെയ്യാം. ഫോറം പൂരിപ്പിച്ച് ആവശ്യമായ രേഖകളുടെ പകർപ്പുകൾ ഉൾപ്പെടെ നവംബർ 30ന് വൈകുന്നേരം നാലിന് മുൻപ് സർവകലാശാലാ കാമ്പസിലെ ഡി.എസ്.എസ് ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ നൽകണം.

കൾച്ചറൽ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നവർ യൂത്ത്ഫെസ്റ്റിവലിൽ സമ്മാനം ലഭിച്ചതുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റിൻറെയും വരുമാന സർട്ടിഫിക്കറ്റിൻറെയും പകർപ്പുകളും അപേക്ഷയോടൊപ്പം നൽകണം.

എൻ.എസ്.എസ് വോളണ്ടിയർമാർക്കും എൻ.സി.സി കേഡറ്റുകൾക്കുമുള്ള കാഷ് അവാർഡിന് അപേക്ഷിക്കുന്നവർ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്തതിന് ലഭിച്ച സർട്ടിഫിക്കറ്റിൻറെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണം. ഈ സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ എൻ.സി.സി കേഡറ്റുകൾ കേരള ലക്ഷദ്വീപ് ഡയറക്ടറേറ്റിൽനിന്ന് ലഭിച്ച സർട്ടിഫിക്കറ്റിൻറെയോ എൻ.എസ്.എസ് വോളണ്ടിയർമാൻ സർവകലാശാലാ എൻ.എസ്.എസ് ഡയറക്ടറുടെ സർട്ടിഫിക്കറ്റിൻറെയോ പകർപ്പ് നൽകിയാൽ മതിയാകും.

ചികിത്സാ സഹായത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ മെഡിക്കൽ സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കണം. അപേക്ഷ അയയ്ക്കുന്ന കവറിനു പുറത്ത് ഏതു വിഭാഗത്തിലുള്ള സ്കോളർഷിപ്പിന് അല്ലെങ്കിൽ ധനസഹായത്തിനുള്ള അപേക്ഷയാണെന്ന് കാണിച്ചിരിക്കണം.
അപേക്ഷകൾ അയയ്ക്കേണ്ട വിലാസം: ഡയറക്ടർ, ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡൻറ്സ് സർവീസസ്, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ്, അതിരമ്പുഴ, കോട്ടയം 686560.

(പി.ആർ.ഒ./39/1586/2022)

## എം.എഡ്. ഏകജാലകം; ഒന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിലെ എം.എഡ്. പ്രോഗ്രാമുകളിലേക്കുള്ള ഒന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെൻറ് ലഭിച്ചവർ നവംബർ 10നു വൈകുന്നേരം നാലിനു മുൻപ് അതത് കോളേജുകളിൽ പ്രവേശനം നേടണം.

ഒന്നാം ഓപ്ഷനിൽ അലോട്ട്മെൻറ് ലഭിച്ചവരും സ്ഥിരപ്രവേശം വേണ്ടവരും നിർദ്ദിഷ്ട സർവകലാശാലാ ഫീസിനു പുറമെ കോളേജിലെ ഫീസും അടച്ച് പ്രവേശനം ഉറപ്പാക്കണം. താത്കാലിക പ്രവേശനം വേണ്ടവർ സർവകലാശാലാ ഫീസ് അടച്ച് കോളജിൽ ഓൺലൈനായി പ്രവേശനമെടുക്കണം. ഇവർ കോളേജിലെ ഫീസ് അടയ്ക്കേണ്ടതില്ല.

(പി.ആർ.ഒ./39/1587/2022)

## പരിശീലന പരിപാടി

മഹാത്മാ ഗാന്ധി സർവകലാശാല ലൈബ്രറിയിൽ നവംബർ 21 മുതൽ 25 വരെ അഞ്ചു ദിവസത്തെ പുസ്തക പ്രസാധന പരിശീലന പരിപാടി നടത്തും. പുസ്തകങ്ങൾ എഴുതി ഇ-ബുക്ക്, പേപ്പർബാക്ക് രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും പരിശീലനവും നൽകും.

ലൈബ്രേറിയന്മാർ, വിദ്യാർഥികൾ, അധ്യാപകർ, ഗവേഷകർ എന്നിവർക്ക് മുൻഗണനയുണ്ട്. രജിസ്ട്രേഷൻ ഫീസ് 2500 രൂപ. വിശദവിവരങ്ങൾക്ക് library.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 0481-2731018 എന്ന നമ്പറിലേക്ക് വാട്ടസ്ആപ്പ് മെസ്സേജ് അയക്കുകയോ ചെയ്യണം

(പി.ആർ.ഒ./39/1588/2022)

## അസോസിയേറ്റ് ഡവലപ്പർ ട്രെയിനി; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലാ ഐ.ടി. സെല്ലിൽ അസോസിയേറ്റ് ഡവലപ്പർ ട്രെയിനികളാകാൻ അവസരം. കമ്പ്യൂട്ടർ സയൻസിലോ ഇൻഫർമേഷൻ ടെക്നോളജിയിലോ ബി.ഇ/ ബി.ടെക് / എം.എസ്.സി യോഗ്യതയുള്ളവരെയും എം.സി.എ വിജയിച്ചവരെയുമാണ് പരിഗണിക്കുന്നത്. ആറു മാസത്തെ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം.

പ്രതിഫലമില്ലാതെ ആറുമാസത്തേക്കാണ് നിയമനം. https://assist.mgu.ac.in/mgurecruitments എന്ന ലിങ്ക് വഴി അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1589/2022)

## പ്രഭാഷണം നവംബർ 10 ന്

മഹാത്മാ ഗാന്ധി സർവകലാശാലാ ലൈബ്രറിയുടെ ആഭിമുഖ്യത്തിലുള്ള മോട്ടിവേഷണൽ പ്രഭാഷണ പരമ്പരയുടെ 11 ാം സെഷൻ നവംബർ 10ന് വൈകിട്ട് 7.30 ന് ഓൺലൈനിൽ നടക്കും. സ്മാർട്ട് സൊല്യൂഷൻ ഫോർ ഹൈഡ്രോപോണിക്സ് എന്ന വിഷയത്തിൽ അങ്കമാലി ഫിസാറ്റിലെ അസിസ്റ്റൻറ് പ്രൊഫസർമാരായ ബിജോയ് വർഗീസ്, സി. മഹേഷ് എന്നിവർ സംസാരിക്കും.

https://meet.google.com/wku-irhv-ktm എന്ന ഗൂഗിൾ മീറ്റ് ലിങ്ക് മുഖേന പരിപാടിയിൽ പങ്കെടുക്കാം.സർവകലാശാലാ ലൈബ്രറിയുടെ ഫേസ് ബുക്ക് പേജിലും പ്രഭാഷണങ്ങൾ കാണാം. ഫോൺ: 9746661973, 9846496323

(പി.ആർ.ഒ./39/1590/2022)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജിയിൽ എം.ടെക് നാനോസയൻസ് ആൻഡ് ടെക്നോളജി വിഭാഗത്തിൽ സീറ്റുകൾ ഒഴിവുണ്ട്.
അർഹരായ വിദ്യർഥികൾ അസ്സൽ യോഗ്യതാ രേഖകളുമായി വകുപ്പ് ഓഫീസിൽ നേരിട്ടോ 9446866088 എന്ന നമ്പറിലോ ബന്ധപ്പെടണം.

(പി.ആർ.ഒ./39/1591/2022)

## പരീക്ഷ മാറ്റി

അഫിലിയേറ്റഡ് കോളജുകളിലെ നാലാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി (2019 അഡ്മിഷൻ റഗുലർ / 2019 വരെയുള്ള അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾ മാറ്റി വച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ./39/1592/2022)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.വോക് ബിസിനസ് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ, അപ്ലൈഡ് അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ (പുതിയ സ്കീം - 2020 അഡ്മിഷൻ റഗുലർ, 2019,2018 അഡ്മിഷൻ റീ-അപ്പിയറൻസ്, ഇംപ്രൂവ്മെൻറ് - ഓഗസ്റ്റ് 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ അതത് കേന്ദ്രങ്ങളിൽ നവംബർ 10 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1593/2022)

## പരീക്ഷാഫലം

ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എ. ഇംഗ്ലീഷ് (2019 അഡ്മിഷനു മുൻപുള്ളത് 2012 - 2018 സപ്ലിമെൻററി - നവംബർ 2021) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 19 നകം ഡെപ്യൂട്ടി രജിസ്ട്രാർ ഡി.ആർ 7 (പരീക്ഷ) ക്ക് അപേക്ഷ നൽകാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

……………………………..

മൂന്ന്, നാല് സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ. സോഷ്യോളജി (2019 അഡ്മിഷൻ സെപ്റ്റംബർ 2021) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 21 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1594/2022)

## കോളജ് യൂണിയൻ തെരഞ്ഞെടുപ്പ് നവംബർ 29 ന്

മഹാത്മാഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ 2022-23 അധ്യന വർഷത്തെ കോളജ് യൂണിയൻ തെരഞ്ഞെടുപ്പ് നവംബർ 29 ന് നടക്കും. തെരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് (നവംബർ എട്ട് ) പുറപ്പെടുവിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ. കോളജ് അധികൃതർ സർവകലാശാല നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

(പി.ആർ.ഒ./39/1595/2022)

## വാക്-ഇൻ-ഇൻറർവ്യൂ 10ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻറ് ടെക്നോളജി വകുപ്പിൽ ഓപ്പൺ കാറ്റഗറി വിഭാഗത്തിൽ ടെക്നിക്കൽ അസിസ്റ്റൻറ്, ലാബ് അസിസ്റ്റൻറ് തസ്തികകളിലെ ഓരോ ഒഴിവുകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ മൂന്നു മാസത്തേക്ക് നിയമനത്തിനുള്ള വാക് ഇൻ ഇൻറർവ്യൂ നവംബർ 10ന് നടക്കും.

ബി.ടെക് ഫുഡ് പ്രോസസിംഗ്, എം.എസ്.സി ഫുഡ് സയൻസ് ആൻറ് ടെക്നോളജി, എം.എസ്.സി ഫുഡ് ടെക്നോളജി, എം.എസ്.സി ഫുഡ് ടെക്നോളജി ആൻറ് ക്വാളിറ്റി അഷ്വറൻസ്, എം.എസ്.സി ഫുഡ് സയൻസ് ആൻറ് ക്വാളിറ്റി കൺട്രോൾ, എം.എസ്.സി ഫുഡ് ആൻറ് ന്യൂട്രീഷ്യൻ എന്നിവയിൽ എതെങ്കിലുമാണ് ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിൽ പരിഗണിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത. പ്രതിദിന വേതനം 750 രൂപ. പ്രായം 19 മുതൽ 39 വരെ.

കെമിസ്ട്രി അല്ലെങ്കിൽ ലൈഫ് സയൻസ് ബിരുദമുള്ളവർക്ക് ലാബ് അസിസ്റ്റൻറ് തസ്തികയിലേക്കുള്ള വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം. ദിവസ വേതനം 645 രൂപ. പ്രായപരിധി 18 മുതൽ 36 വരെ. രണ്ട് തസ്തികകളിലും സംവരണ വിഭാഗങ്ങൾക്ക് അർഹമായ വയസിളവ് ലഭിക്കും.

താത്പര്യമുള്ളവർ വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷ(ഇ മെയിൽ വിലാസവും രണ്ട് മൊബൈൽ നമ്പരുകളും ഉൾപ്പെടെ) പ്രായം(എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്), വിദ്യാഭ്യാസ യോഗ്യത (കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ്) പ്രവൃത്തി പരിചയം, കാറ്റഗറി, അധിക യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം പത്തിന് രാവിലെ 10.30ന് സർവകലാശാലാ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ ഹാജരാകണം.

(പി.ആർ.ഒ./39/1596/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**